ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.11.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി കർണാടകയിലെ ഉഡുപ്പി ശ്രീകൃഷ്ണ മഠം സന്ദർശിക്കുന്നു. ഗോവയിലെ ശ്രീസംസ്ഥാൻ ഗോകർൺ മഠത്തിൻറെ വാർഷികാഘോഷങ്ങളിലും പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കും.

**Prime Minister Narendra Modi visits Sri Krishna Matha in Udupi, Karnataka and participates in the Laksha Kantha Gita Parayana programme.. He will also attend the 550th anniversary celebrations of the Shree Samsthan Gokarn Partagali Jeevottam Math in Goa today.**

2) സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു.

**Campaigning for the local body elections is progressing vigorously across Kerala**

3) 60-ാമത് ഡിജിപി, ഐജി അഖിലേന്ത്യാ കോൺഫറൻസിന് ഛത്തീസ്ഗഢിൽ ഇന്ന് തുടക്കം

**The 60th All India DGP and IGP Conference begins today in Chhattisgarh.**

4) നാവികസേന ദിനാഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ഡിസംബർ മൂന്നിന് നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും.

**Preparations for the Navy Day celebrations are underway in Thiruvananthapuram. President Droupadi Murmu will be the chief guest at the event on December 3.**

5) 56- ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് സമാപനം.

**The 56th International Film Festival of India in Goa concludes today.**

6) ദിത്വ ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ തമിഴ്നാട്, ആന്ധ്ര, പുതുച്ചേരി തീരങ്ങളിൽ ജാഗ്രത നിർദ്ദേശം.

**Cyclone Ditwah to bring heavy rainfall to eastern coast of India**

❁❁❁❁❁❁❁❁❁❁❁❁❁

**PM GOA**

പ്രധാനമന്ത്രി നരേന്ദ്ര മോദി കർണാടകയിലെ ഉഡുപ്പി ശ്രീകൃഷ്ണ മഠം സന്ദർശിക്കുന്നു. ലക്ഷകാന്ത ഗീതാപാരായണ പരിപാടിയിൽ അദ്ദേഹം പങ്കെടുക്കുകയാണ്. ക്ഷേത്ര സന്നിധിയിലെ സുവർണ്ണ തീർത്ഥ മണ്ഡപം ഉദ്ഘാടനം

ചെയ്യുന്ന അദ്ദേഹം പുണ്യ ജാലകത്തിൽ കനക കവചവും സമർപ്പിക്കും. കർണാടക സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ന് ഉച്ച തിരിഞ്ഞ് ഗോവയിലെത്തും. കാൺകോണിലെ ശ്രീസംസ്ഥാൻ ഗോകർൺ പാർതഗലി ജീവോത്തം മഠത്തിൻറെ 550 ആം വാർഷികാഘോഷത്തിൽ അദ്ദേഹം പങ്കെടുക്കും. 77 അടി ഉയരമുള്ള ശ്രീരാമ പ്രതിമ പ്രധാനമന്ത്രി പാർതഗലിയിൽ അനാച്ഛാദനം ചെയ്യും. രാമായണ തീം പാർക്ക് ഗാർഡൻ, മ്യൂസിയം എന്നിവയുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും.

## NAVY DAY – TVM (INTRO)

നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഡിസംബർ മൂന്നിന് തിരുവനന്തപുരത്തെത്തും. ശംഖുമുഖം ബീച്ചിൽ നടക്കുന്ന ആഘോഷങ്ങളിൽ നാവികസേനയുടെ പോരാട്ട വീര്യം പ്രദർശിപ്പിക്കുന്ന അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി പരിപാടിയ്ക്ക് ആതിഥേയത്വം വഹിക്കും.

*ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്..*

*(വോയിസ്)*

## KERALA ELECTION

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. സ്ഥാനാർത്ഥികൾ വോട്ടർമാരെ നേരിൽ കണ്ടുള്ള പ്രചാരണത്തിലാണ്. വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്നുള്ള മുതിർന്ന നേതാക്കളും പ്രചാരണ രംഗത്ത് സജീവമാണ്. വോട്ടെടുപ്പിനായി മുപ്പത്തി മൂവായിരത്തി എഴുന്നൂറ്റി പതിനൊന്ന് പോളിംഗ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് സജ്ജമാക്കുന്നത്. ഡിസംബർ 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 നു നടക്കും.

## YOUTH VOTTING FESTIVAL(INTRO)

യുവജനങ്ങളുടെ വോട്ടിംഗ് പങ്കാളിത്തം വർധിപ്പിക്കുകയും ബോധവൽക്കരണം ശക്തമാക്കുന്നതിനും ഇടുക്കിയിൽ "യൂത്ത് വോട്ടിംഗ് ഫെസ്റ്റിവൽ " സംഘടിപ്പിച്ചു. തദ്ദേശ തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടിയായ ലീപിന്റെ നേതൃത്വത്തിൽ മൂലമറ്റം സെന്റ് ജോസഫ്സ് കോളേജിലാണ് പരിപാടി നടന്നത്.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## EC SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം ഒരു കോടി 61 ലക്ഷം കവിഞ്ഞതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 57.95 ശതമാനമാണിത്.

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH CDD

വളരുന്ന സമ്പദ്വ്യവസ്ഥ, സാങ്കേതിക പുരോഗതി എന്നിവ സ്ഥിരതയുടെ ശബ്ദമായി ഉയർന്നുവരാൻ ഇന്ത്യയെ പ്രാപ്തമാക്കിയതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് . ചാണക്യ ഡിഫൻസ് ഡയലോഗ് - 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . ആഗോള രാജ്യങ്ങൾ ഇന്ത്യയെ വിശ്വസനീയ പങ്കാളിയായാണ് കാണുന്നത്. സമാധാനത്തിലും സംഭാഷണത്തിലുമാണ്
ഇന്ത്യ വിശ്വസിക്കുന്നതെന്നും, എന്നാൽ പരമാധികാരം,

ജനസുരക്ഷ എന്നിവയുടെ കാര്യത്തിൽ രാജ്യം വിട്ടുവീഴ്ച ചെയ്യില്ലെന്നും അദ്ദേഹം വ്യക്തമാക്കി .

## DGP IG CONFERENCE

60-ാമത് ഡിജിപി, ഐജി അഖിലേന്ത്യാ കോൺഫറൻസിന് ഇന്ന് ഛത്തീസ്ഗഢിൽ തുടക്കം. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെയും മറ്റന്നാളും സമ്മേളനത്തിൽ പങ്കെടുക്കും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ തുടങ്ങിയ പ്രമുഖരും സംസ്ഥാന പോലീസിലെയും, കേന്ദ്ര പോലീസ് സേനകളിലെയും മുതിർന്ന ഉദ്യോഗസ്ഥരും കോൺഫറൻസിൽ പങ്കെടുക്കുന്നുണ്ട്. വികസിത ഭാരതം-സുരക്ഷാതലങ്ങൾ എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി നടക്കുന്ന സമ്മേളനത്തിൽ മാവോയിസ്റ്റ് തീവ്രവാദം, ഭീകരവിരുദ്ധ നടപടികൾ, ദുരന്ത നിവാരണം, സ്ത്രീ സുരക്ഷ, ഫോറൻസിക് സയൻസ്, നിർമിത ബുദ്ധി തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടക്കും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ പ്രധാനമന്ത്രി സമ്മേളനത്തിൽ സമ്മാനിക്കും.

## RAHUL MANGOOTTAM

യുവതിയുടെ ലൈംഗിക പീഡന പരാതിയിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരെ പോലീസ് കേസെടുത്തു. വിവാഹ വാഗ്ദാനം നൽകി പീഡനം, നിർബന്ധിച്ച് ഗർഭച്ഛിദ്രം നടത്തി

തുടങ്ങിയ കുറ്റങ്ങൾക്കാണ് കേസെടുത്തിട്ടുള്ളത്. നെടുമങ്ങാട് വലിയമല സ്റ്റേഷനിൽ ആദ്യം രജിസ്റ്റർ ചെയ്ത കേസ് പിന്നീട് നേമം പോലീസിന് കൈമാറി. ജാമ്യമില്ലാ വകുപ്പുകൾ ചുമത്തിയാണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്.

❁❁❁❁❁❁❁❁❁❁❁❁❁

**IFFI(INTRO)**

56- ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരശീല വീഴും. സമാപന ചടങ്ങിൽ വിഖ്യാത നടൻ ധർമേന്ദ്രയ്ക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കും. ***വിശദാംശങ്ങളിലേക്ക്.........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**IFFI(VOICE)**

ലോകമെമ്പാടുമുള്ള ചലച്ചിത്ര പ്രേമികൾക്കും, സിനിമ പ്രവർത്തകർക്കും ചലച്ചിത്രക്കാഴ്ചയുടെ പുത്തൻ ലോകം സമ്മാനിച്ചുകൊണ്ടാണ് 56 മത് IFFI യ്ക്ക് ഗോവയിൽ ഇന്ന് സമാപനമാകുന്നത്. ഈ മാസം 20 ന് ആരംഭിച്ച ചലച്ചിത്ര മേളയിൽ 81 രാജ്യങ്ങളിൽ നിന്നുള്ള 240-ഓളം ചിത്രങ്ങൾ

പ്രദർശിപ്പിച്ചു. മലയാളമടക്കമുള്ള ഇന്ത്യൻ ഭാഷാ ചിത്രങ്ങളും മേളയിൽ ഏറെ പ്രേക്ഷകശ്രദ്ധ നേടി . തുടരും ,ARM,സർക്കീട്ട് ,പെണ്ണും പൊറാട്ടും തുടങ്ങിയ സിനിമകൾ മലയാളത്തിൽ നിന്നും പ്രദർശനത്തിന് എത്തിയിരുന്നു. ഗുരു ദത്ത്, രാജ് ഖോസെ, ഋത്വിക് ഘട്ടക് തുടങ്ങിയ സിനിമാ ഇതിഹാസങ്ങൾക്കും മേള ആദരം അർപ്പിച്ചിരുന്നു. ഇന്ന് വൈകുന്നേരം നടക്കുന്ന സമാപന സമ്മേളനത്തിൽ സിനിമാ യാത്രയുടെ 50 വർഷങ്ങൾ പിന്നിടുന്ന വിഖ്യാത നടൻ രജനീകാന്തിന് ആദരം നൽകും. സുവർണ്ണ മയൂരം, രജതമയൂരം ഉൾപ്പെടെയുള്ള പുരസ്കാരങ്ങളും ചടങ്ങിൽ സമ്മാനിക്കും. .

ന്യൂസ് ഡസ്ക് ആകാശവാണി....

## TN – CYCLONE DITWAH

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ദിത്വ ചുഴലിക്കാറ്റ് തമിഴ്നാട്, തീരദേശ ആന്ധ്ര, പുതുച്ചേരി എന്നിവിടങ്ങളിലേക്ക് നീങ്ങുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ചുഴലിക്കാറ്റിന്റെ പ്രഭാവത്തിൽ ഡിസംബർ 1 വരെ മേഖലയിൽ ശക്തമായ കാറ്റിനും മഴക്ക് സാധ്യത ഉണ്ട്. തമിഴ്നാട്ടിലെ തൂത്തുക്കുടി, രാമനാഥപുരം, തിരുവള്ളൂർ, ചെന്നൈ, ചെങ്കൽപ്പെട്ട്, കാഞ്ചിപുരം ജില്ലകളിൽ ശക്തമായ മഴ അനുഭവപ്പെടുമെന്നും മുന്നറിയിപ്പുണ്ട്. ഈ

ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും, നിലവിൽ കടലിൽ പോയിട്ടുള്ളവർ അടുത്ത മാസം 1 വരെ തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, മാന്നാർ ഉൾക്കടൽ, കൊമോറിൻ മേഖല എന്നിവ ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' മറ്റന്നാൾ രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും, നരേന്ദ്ര മോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഇന്നുകൂടി സമർപ്പിക്കാം.

## PAK-IMRAN

തടവിൽ കഴിയുന്ന പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ ആരോഗ്യനിലയെക്കുറിച്ച് ഊഹാപോഹങ്ങൾ തുടരുന്നു. ഇമ്രാൻ ഖാൻ ജീവനോടെയില്ലെന്ന തരത്തിൽ സ്ഥിരീകരിക്കാത്ത വാർത്തകൾ അഫ്ഗാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യതോടെയാണ് ആശങ്കകൾ

പ്രചരിക്കുന്നത്. .തന്റെ പിതാവ് ജീവിച്ചിരിപ്പുണ്ടെന്ന് സ്ഥിരീകരിക്കണമെന്നും ഉടനടി അദ്ദേഹത്തെ മോചിപ്പിക്കണമെന്നും ഇമ്രാൻ ഖാന്റെ മകൻ കാസിം ഖാൻ സമൂഹ മാധ്യമത്തിലൂടെ ആവശ്യപ്പെട്ടു. ജയിലിൽ ഇമ്രാൻ ഖാന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് പാകിസ്ഥാനോട് ഐക്യരാഷ്ട്രസഭയും ആവശ്യപ്പെട്ടു.

## TRUMP-IMMIGRATION

വൈറ്റ് ഹൗസിന് സമീപം രണ്ട് നാഷണൽ ഗാർഡ് അംഗങ്ങൾക്ക് നേരെ അഫ്ഗാൻ പൗരൻ വെടിയുതിർത്ത സംഭവത്തിൽ ശക്തമായ നിലപാടുമായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. മൂന്നാം ലോക രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റം ശാശ്വതമായി നിർത്താൻ ഉദ്ദേശിക്കുന്നതായി ട്രംപ് സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. . വിദ്യാഭ്യാസം, ജോലി, എന്നിവയ്ക്കായി അമേരിക്കയിലെത്താൻ ആഗ്രഹിക്കുന്ന ദശലക്ഷക്കണക്കിന് ആളുകളെ ഈ തീരുമാനം സാരമായി ബാധിക്കും.

## HONGKONG-FIRE

ഹോങ്കോങ്ങിലെ അപ്പാർട്ട്മെന്റ് സമുച്ചയത്തിലുണ്ടായ തീപിടുത്തത്തിൽ മരിച്ചവരുടെ എണ്ണം 83 ആയി . 280 ലധികം പേരെ കാണാതായതായി റിപ്പോർട്ടുണ്ട്. നിരവധി പേർ ഇപ്പോഴും കെട്ടിടങ്ങൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്നതിനാൽ മരണസംഖ്യ ഉയരാൻ സാധ്യതയുണ്ട്.

## WPL AUCTION– DEEPTI

2026 വനിതാ പ്രീമിയർ ലീഗ് മെഗാ താരലേലത്തിലെ ഏറ്റവും വിലയേറിയ താരമായി ഇന്ത്യൻ ഓൾറൗണ്ടർ ദീപ്തി ശർമ്മ . ഇന്നലെ നടന്ന താര ലേലത്തിൽ 3.2 കോടി രൂപക്ക് യുപി വാറിയേഴ്സാണ് താരത്തെ വീണ്ടും ടീമിൽ നിലനിർത്തിയത് .ഏകദിന ലോകകപ്പ് താരങ്ങളായ ശ്രീ ചരണി , ലോറ വോൾവാർട്ട് എന്നിവർക്കും വൻ പ്രതിഫലമാണ് ലഭിച്ചത് .